ഹരിപ്പാട് സതീശൻ കൊലപാതകം

65(1540)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാജമദ്യവുമായി ബന്ധപ്പെട്ട് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഹരിപ്പാട് സതീശൻ കൊലപാതകത്തിന്റെ അന്വേഷണം സി. ബി.ഐ.ക്ക് വിടണമെന്നാവശ്യത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത കൊലപാതകത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുന്നതിന് സി.ബി,ഐ. അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ;

(ഡി) സതീശന്റെ നിരാലംബമായ കുടുംബത്തിന് ആശ്വാസം ലഭിക്കുന്നതിന് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന് പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(ബി)&(സി) ടി കേസ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചു വരികയാണ്.

(ഡി) ഇക്കാര്യത്തിൽ അപേക്ഷ ലഭിച്ചിട്ടില്ല.

അനാഥ പ്രേതങ്ങൾ

66(1541)ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര അനാഥപ്രേതങ്ങളെ കണ്ടെത്തിയിട്ടുണ്ട്;

(ബി) ഈ അനാഥ പ്രേതങ്ങൾ കൊലപാതകത്തിന് വിധേയരായവരുടേതാണോ എന്ന് അന്വേഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര അനാഥ പ്രേതങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നവയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1176 എണ്ണം.

(ബി) ഉണ്ട്.

(സി) 24 എണ്ണം.

ദേവാലയ മോഷണങ്ങൾ

67(1543) ശ്രീ. കെ.എ.ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര ദേവാലയത്തിൽ മോഷണങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ ക്രിസ്ത്യൻ പള്ളി, മുസ്ലീം പള്ളി, ക്ഷേത്രങ്ങൾ മറ്റ് മത വിഭാഗങ്ങളുടെ ആരാധനാലയങ്ങൾ എന്നിവയിൽ എത്ര വീതം മോഷണം നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly